**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**12-06-2021**

## കാർഷികവാർത്തകൾ

### 1. വി എഫ് പി സി കെ വിപണികൾ കർഷകർക്ക് ആശ്വാസമാകുന്നു

കൊല്ലം ജില്ലയിലെ വി.എഫ് പി സി കെ കർഷക വിപണികളുടെയും തളിർ ഔട്ട്ലെറ്റുകളുടേയും സേവനം കർഷകർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. അഞ്ചൽ നെടുവത്തൂർ, നെടുമ്പായിക്കുളം, പുത്തൂർ, ശാസ്താംകോട്ട, ശൂരനാട്, കേരളപുരം, നെടുമ്പന, വെളിയം, ഇഞ്ചക്കാട്, ഇളമാട്, ചെങ്ങമനാട്, പുനലൂർ, ഇടമൺ, കടയ്ക്കൽ കുളത്തൂപുഴ, കല്ലുവാതുക്കൽ, വാളകം പട്ടാഴിനോർത്ത്, പ്ലാപ്പള്ളി, പിറവത്തൂർ, ചണ്ണപ്പേട്ട, തലവൂർ ചാത്തന്നൂർ എന്നിവിടങ്ങളിലാണ് വിപണികൾ പ്രവർത്തിക്കുന്നത്. കടപ്പാക്കട, അമ്പലത്തുംകാല, കൊട്ടാരക്കര, ഭരണിക്കാവ്, അഞ്ചൽ എന്നിവിടങ്ങളിലാണ് തളിർ ഗ്രീൻ ഔട്ട് ലെറ്റുകൾ പ്രവർത്തിക്കുന്നത്.

### 2. സുഭിക്ഷംസുരക്ഷിതം ഭാരതീയപ്രകൃതികൃഷി പദ്ധതി

കാർഷിക പരിസ്ഥിതി അധിഷ്ഠിതജൈവവൈവിധ്യ സംരക്ഷണം ലക്ഷ്യമിട്ട് കൃഷിവകുപ്പ് സുഭിക്ഷംസുരക്ഷിതം ഭാരതീയ പ്രകൃതികൃഷി പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പാക്കുന്നു. ജൈവകൃഷിമുറകൾകൊപ്പം ജനിതകവിഭവസംരക്ഷണം, നാട്ടറിവ് പ്രയോഗം തുടങ്ങിയവയും കൃഷിയിടത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനും കേരളഓർഗാനിക് പ്രോഡക്റ്റ് ബ്രാൻഡ് നാമത്തിൽ വിപണനം ചെയ്യുന്നതിനും സഹായം നൽകും. ജൈവകൃഷിമുറകൾ അനുവർത്തിക്കാൻ താല്പര്യമുള്ള കർഷകർക്ക് പദ്ധതിയിൽ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**3. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ** (കെപ്കോ) യിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ബി. വി 380 ഇനത്തിൽപ്പെട്ട ഒരു ദിവസം പ്രായമുള്ള മുട്ട കോഴി കുഞ്ഞുങ്ങൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് കൊട്ടിയം 9495000923, മാള 9495000919, തിരുവനന്തപുരം 0471- 2478585, 7510407930, 9495000915 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക. വിളിക്കേണ്ട സമയം രാവിലെ 10 മണി മുതൽ 5 മണി വരെ

**4. പശു ഡയറി യൂണിറ്റുകൾക്ക് അപേക്ഷ ക്ഷണിച്ചു**

ആലപ്പുഴ ജില്ലയിലെ ക്ഷീരവികസന വകുപ്പിന്റെ 2021-22 ലെ വാർഷിക പദ്ധതിയിലെ മിൽക്ക് ഷെഡ്ഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം (എം.എസ്.ഡി.പി) എന്ന പദ്ധതിയിൽപ്പെടുത്തി ക്ഷീരകർഷകർക്ക് 1 പശു ഡയറി യൂണിറ്റ്, 2 പശു ഡയറി യൂണിറ്റ് 5 പശു ഡയറി യൂണിറ്റ് കാലിത്തൊഴുത്ത് നിർമ്മാണ-നവീകരണ ധനസഹായം, കംപോസിറ്റ് ഡയറി യൂണിറ്റുകൾക്കുള്ള ധനസഹായം, ആവശ്യാധിഷ്ഠിത ധനസഹായം എന്നിങ്ങനെ വൈവിധ്യങ്ങളായ പദ്ധതി ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു. താല്പര്യമുള്ളവർ നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷകൾ ആവശ്യമായ രേഖകൾ സഹിതം അതാത് ബ്ലോക്കുകളിൽ പ്രവർത്തിയ്ക്കുന്ന ക്ഷീരവികസന യൂണിറ്റ് ഓഫീസുകളിൽ ഈ മാസം (ജൂൺ) 20-ാം തീയതിയ്ക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്.

**5. തീറ്റപ്പുൽകൃഷിയ്ക്കുള്ള അപേക്ഷ ക്ഷണിക്കുന്നു**

തീറ്റപ്പുൽകൃഷി ചെയ്യാൻ താൽപ്പര്യമുള്ള കർഷകരിൽ നിന്നും ക്ഷീരവികസന വകുപ്പ് അപേക്ഷ ക്ഷണിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ കർഷകർ ബ്ലോക്ക്തല ക്ഷീരവികസന യൂണിറ്റ് ഓഫീസിലോ സമീപത്തെ ക്ഷീരസഹകരണ സംഘത്തിലോ ജൂൺൺ മാസം ഇരുപത്തിഒന്നാം തീയതിയ്ക്കു മുമ്പായി അപേക്ഷ സമർപ്പിയ്ക്കേണ്ടതാണ്.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### ഓൺലൈൻ പരിശീലനങ്ങൾ

1. **ആലുവ മൃഗസംരക്ഷണ പരിശീല കേന്ദ്രത്തിൽ വച്ച്** ഈ മാസം 15-ന് താറാവ് വളർത്തൽ, 25-ന് ക്യാറ്റിൽ ഫാം മാനേജ്മെന്റ്, 30-ന് നായ്ക്കളിലെ പ്രത്യുത്പാദനവും പ്രജനന രീതികളും തുടങ്ങിയ വിഷയങ്ങളിൽ ഗൂഗിൾമീറ്റ് മുഖേന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താത്പര്യമുള്ള കർഷകർ **9188522708** എന്ന നമ്പരിൽ ബന്ധപ്പെടുക

2. **വെള്ളാണിക്കര ഇൻസ്ട്രക്ഷണൽ ഫാമിന്റെ** നേതൃത്വത്തിൽ ഈ മാസം 15, 16, 17 തീയതികളിൽ രാവിലെ 10.30 മുതൽ 1.00മണി വരെ 'ഹൈടെക്ക് അടുക്കളനിർമ്മാണവും പരിപാലനവും' എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. കാൽ സെന്റിലും അര സെന്റിലും അടുക്കളത്തോട്ടം നിർമ്മിക്കുന്നതിനെ കുറിച്ച് നൽകുന്ന പരിശീലനത്തിനെ കുറിച്ച് കൂടുതൽ വിവരങ്ങൾക്ക് 9995953654, 9961533547, 7736690639എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

3. **ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന** പരിശീലന കേന്ദ്രത്തിൽ കർഷകർക്കായി ഈ മാസം 18-ന് 'കാടവളർത്തൽ', 24 മുതൽ 25 വരെ 'ആട്വളർത്തൽ' എന്നീ വിഷയങ്ങളിൽ സൗജന്യപരിശീലനം ഓൺലൈനായി നടത്തുന്നു. താൽപര്യമുള്ളകർഷകർ **9188522703** എന്ന നമ്പറിൽ ഓഫീസ് പ്രവർത്തന സമയത്ത് ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

4. **തിരുവനന്തപുരം കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ** വച്ച് ഈ മാസം 15, 16 പശുവളർത്തൽ 23, 24 എരുമ വളർത്തൽ എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് കർഷകർക്ക് പ്രവർത്തി ദിവസങ്ങളിൽ 0471-2732918, 9188522701 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. **തിരുവനന്തപുരം വെള്ളനാട് മിത്രാനികേതൻ** കൃഷിവിജ്ഞാനകേന്ദ്രത്തിൽ നിന്നും ഈ മാസം 15-ന് പച്ചക്കറികൃഷിയിൽ ജൈവരോഗ-കീട നിയന്ത്രണ മാർഗങ്ങൾ, 17-ന് മട്ടുപ്പാവിലെ പച്ചക്കറി കൃഷി തുടങ്ങിയ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **9446911451** എന്ന നമ്പരിൽ ബന്ധപ്പെടുക.

6. റബ്ബറിന് വളമിടുന്നതിൽ റബ്ബർബോർഡ് ഓൺലൈൻ പരിശീലനം നടത്തുന്നു. ഈ മാസം 16-ന് ഉച്ചയ്ക്ക് 2.30 മുതൽ വൈകിട്ട് 4.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന നമ്പറിലും 7994650941 എന്ന വാട്സ്ആപ്പ് നമ്പറിലും ബന്ധപ്പെടാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ